(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ)-(ബി) ഇല്ല

മയക്കുമരുന്ന് കുത്തിവച്ച വിദ്യാർത്ഥി മരിച്ച സംഭവം

57 (768) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൂഡിക്കൽ അറാഫത്ത് എന്ന വിദ്യാർത്ഥി മയക്കു മരുന്ന് കുത്തി വയ്ക്കപ്പെട്ട് കൊല്ലപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ ഉൾപ്പെട്ട് ആരുടെയെങ്കിലും പേരിൽ പോലീസ് കേസെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സംഭവത്തെത്തുടർന്ന് നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം 418/99 യു/എസ് 304 ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്ത് കേസ്സിലെ പ്രതി സന്തോഷ് നായിക്കിന്റെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. അന്വേഷണം തുടർന്നുവരുന്നു.

ഭരണിക്കാവ് ക്ഷേത്രത്തിലെ കവർച്ച

58 (769) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ പള്ളിക്കൽ പഞ്ചായത്തിൽ തെങ്ങമം ഭരണിക്കാവ് ക്ഷേത്രത്തിൽ നടന്ന കവർച്ച സംബന്ധിച്ച് അടൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം ഏതു ഘട്ടത്തിൽ എത്തിയെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ബി) ഇതു സംബന്ധിച്ച് അടൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് തീവ്രമായ അന്വേഷണം നടത്തുകയും പ്രതികളെക്കുറിച്ച് യാതൊരു തെളിവും ലഭിക്കാത്തതിനാൽ കേസ്സ് തെളിയിക്കേണ്ട പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കടമ്പനാട് ഭഗവതി ക്ഷേത്രത്തിലെ കവർച്ച

59 (770) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ കടമ്പനാട് ഭഗവതി ക്ഷേത്രത്തിൽനിന്ന് രണ്ട് പ്രാവശ്യം കവർച്ച നടത്തിയത് സംബന്ധിച്ച് അടൂർ പോലീസ് സ്റ്റേഷ

LIBRARY ARCHIVES Kerala Legislative Assembly

നിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിൽ എത്തി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേസിലെ ഏതെങ്കിലും പ്രതിയെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇതു സംബന്ധിച്ച വിവരം അടൂർ പോലീസ് സ്റ്റേഷനിൽ കിട്ടിയിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

ബലാൽസംഗക്കേസുകൾ

60(771) ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ബലാൽസംഗക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ബലാൽസംഗത്തിനു വിധേയരായവരിൽ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ, 5 വയസ്സിന് താഴെ പ്രായമുള്ളവർ, 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, വീട്ടമ്മമാർ എന്നിവർ എത്രപേരുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ബി) വിവരം ശേഖരിച്ചു വരുന്നു.

സ്ത്രീകൾക്കെതിരെ നടന്ന അതിക്രമക്കേസ്സുകളുടെ എണ്ണം

61 (772) ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കെതിരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസുകൾ ചാർജ്ജ് ചെയ്തു;

(ഡി) ഈ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകളുടെ മേൽ അതിക്രമം നടത്തിയിട്ടുണ്ട്;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീകൾക്കെതിരെയുള്ള അക്രമം തടയുന്നത് സംബന്ധിച്ച നിയമമനുസരിച്ച് എത്ര കേസെടുത്തിട്ടുണ്ട്; ഒരു കേസും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly